# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 676 — 28.09.2011-ൽ മറുപടിക്ക്

## എച്ച്.ഐ.വി ബാധിതരുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്.സലീഖ : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) എച്ച്.ഐ.വി ബാധിതരായി സംസ്ഥാനത്ത് ഇപ്പോൾ എത്ര പേരാണ് ഉള്ളത് ; | (എ) 2011 ആഗസ്റ്റ് 31 വരെയുള്ള കണക്കുകൾ പ്രകാരം കേരളത്തിലെ 8 എ.ആർ.ടി കേന്ദ്രങ്ങളിലുമായി എച്ച്.ഐ.വി ബാധിതരായി രജിസ്റ്റർ ചെയ്തവർ 15,273 പേർ ആണ്. |
| (ബി) ഇതിൽ പുരുഷൻമാർ, സ്ത്രീകൾ, കുട്ടികൾ എന്നിവർ എത്രപേരെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (ബി) 2011 മെയ് 31 വരെയുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണ്. ആയത് അനുബന്ധമായി ചേർക്കുന്നു. |
| സി) ആന്റിവൈറൽ തെറാപ്പി (എൻ.ആർ.ടി) ചികിത്സയിലുള്ളവർ എത്ര ; ഇതിൽ പുരുഷൻമാർ എത്ര ; സ്ത്രീകൾ എത്ര ; | (സി) 2011 ആഗസ്റ്റ് 31 വരെയുള്ള കണക്കുകൾ പ്രകാരം എ.ആർ.ടി ചികിത്സയിൽ ഉള്ളവർ 5800 ആണ്. ഇവരിൽ പുരുഷന്മാർ 3392, സ്ത്രീകൾ 2111, കുട്ടികൾ 297. |
| (ഡി) എച്ച്.ഐ.വി. ബാധിതരായവർക്ക് എപ്രകാരമുള്ള ചികിത്സയാണ് നൽകിവരുന്നതെന്ന് വ്യക്ത മാക്കാമോ ? | (ഡി) എച്ച്.ഐ.വി ബാധിതർക്ക് എ.ആർ.ടി കേന്ദ്രങ്ങൾ വഴി നൽകുന്ന ചികിത്സ തികച്ചും സൗജന്യമാണ്. എച്ച്.ഐ.വി അണുബാധിതരുടെ അവസരജന്യ രോഗങ്ങൾക്കുള്ള മരുന്നുകളും, എയ്ഡ്സ് ബാധിതർക്ക് 1st line എ.ആർ.ടി മരുന്നുകളും എ.ആർ.ടി കേന്ദ്രങ്ങൾ വഴി നൽകുന്നു. എയ്ഡ്സ് ബാധിതരുടെ ചികിത്സാ പുരോഗതി വിലയിരുത്തുന്നതിനായി 6 മാസം കൂടുമ്പോൾ CD4 പരിശോധനക്ക് വിധേയമാക്കുന്നു. 1st line എ.ആർ.ടി ചികിത്സ ഫലപ്രദമാകാത്തവരെ IInd line എ.ആർ.ടി ചികിത്സക്കായി എ.ആർ.ടി പ്ലസ് കേന്ദ്രമായ മെഡിക്കൽ കോളേജ് ചെസ്റ്റ് ഹോസ്പിറ്റൽ, മുളംകുന്നത്തുകാവ് , തൃശ്ശൂരിലേക്ക് അയക്കുന്നു. ഇതുകൂടാതെ എ.ആർ.ടി ചികിത്സക്ക് മുന്നോടിയായി എച്ച്.ഐ.വി അണുബാധിതർക്കാവശ്യമായ കൗൺസിലിംഗിനും മറ്റ് അവസരജന്യരോഗങ്ങൾക്കുള്ള ചികിത്സക്കും എ.ആർ.ടി കേന്ദ്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അതാത് കമ്മ്യൂണിറ്റി കെയർ സെന്ററുകളിലേക്ക് അയക്കുന്നു. കേരളത്തിൽ ആകെ 7 കമ്മ്യൂണിറ്റി കെയർ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പരമാവധി 2 ആഴ്ചക്കാലംവരെ ഇവിട എച്ച്.ഐ.വി ബാധിതരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവുമുണ്ട്. |

സെക്ഷൻ ഓഫീസർ

| Details as on 31st May 2011 | | | | | |
|---|---|---|---|---|---|
| **PLHA Registration (HIV Care )** | | | | | |
| Name of district | Adult | | Children | | |
| | Male | Female | Male | Female | |
| | ~~Total~~ | ~~Total~~ | ~~Total~~ | ~~Total~~ | Grand total |
| Thiruvananthapuram | **934** | 640 | 42 | 42 | 1658 |
| Kollam | **670** | 448 | 38 | 30 | 1186 |
| Pathanamthitta | **390** | 284 | 26 | 28 | 728 |
| Alappuzha | **531** | 340 | 23 | 24 | 918 |
| Kottayam | **226** | 210 | 9 | 13 | 458 |
| Idukki | **158** | 137 | 19 | 7 | 321 |
| Eranakulam | **567** | 369 | 19 | 24 | 979 |
| Thrissur | **1106** | 681 | 48 | 43 | 1878 |
| Palakkad | **1398** | 1063 | 113 | 86 | 2660 |
| Malappuram | **468** | 353 | 24 | 24 | 869 |
| Wayanad | **102** | 94 | 7 | 3 | 206 |
| Kannur | **552** | 324 | 28 | 25 | 929 |
| Kozhikode | **543** | 313 | 11 | 20 | 887 |
| Kazargode | **365** | 291 | 36 | 30 | 722 |
| Outside Kerala | **186** | 113 | 8 | 3 | 310 |
| Total | **8196** | **5660** | **451** | **402** | 14709 |

Section officer